# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4925 — 01/07/13-ൽ മറുപടിക്ക്

**<u>മത്സ്യകർഷക ക്ലബ്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>,, സണ്ണി ജോസഫ് :<br>,, കെ. അച്ചുതൻ :<br>,, കെ. മുരളീധരൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) മത്സ്യകർഷക ക്ലബ് നിർമിക്കുന്നതിന് ധനസഹായ വിതരണത്തിന് തുടക്കം കുറിച്ചിട്ടു ണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 597 കർഷക ക്ലബ്ബുകൾ രൂപീകരിക്കുകയും ഇപ്രകാരം രൂപീകരിച്ച് മികച്ച പ്രവർത്തനം കാഴ്ചവച്ച 40 കർഷക ക്ലബ്ബുകളുടെ അടിസ്ഥാനസൗകര്യവികസനവുമായി ബന്ധപ്പെട്ട് ക്ലബ്ബുകളുടെ കെട്ടിട നിർമ്മാണത്തിന് 4 ലക്ഷം രൂപയും മറ്റ് അടിസ്ഥാനസൗകര്യങ്ങൾക്കായി (പമ്പ് സെറ്റ്, വല) 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5 ലക്ഷം രൂപ വീതം ആകെ 2 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി കർഷക ക്ലബ്ബുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ക്ലബ്ബുകളുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ (2013-14) മികച്ച രീതിയിൽ പ്രവർത്തിക്കുന്ന 20 ക്ലബ്ബുകൾക്കു രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നുള്ള (ആർ. കെ. വി. വൈ) ധനസഹായത്തോടുകൂടി മേൽ വിവരിച്ച പ്രകാരം ക്ലബ് ഒന്നിന് 5 ലക്ഷം രൂപ വീതം അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഗ്രാമപഞ്ചായത്തിലെ മത്സ്യകർഷകരെ സംഘടിപ്പിച്ചു കൊണ്ട് പ്രസ്തുത ഗ്രാമ പഞ്ചായത്ത് മത്സ്യമേഖലയിൽ സ്വയം പര്യാപ്തത ആർജ്ജിക്കുക എന്നതാണ് പരമമായ ലക്ഷ്യം ഉല്പാദന മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാങ്കേതിക അറിവുകൾ പങ്കുവയ്ക്കുകയും വൈദഗ്ദ്യ പോഷണത്തിന് കൂടുതൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വലകൾ, പമ്പ് സെറ്റ്, പരിശോധനാ സാമഗ്രികൾ, മത്സ്യമേളകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ ഓഫീസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ കൂട്ടായ ചർച്ചയിലൂടെ പദ്ധതികൾ തയ്യാറാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടും ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ ഉൾനാടൻ മത്സ്യകൃഷി വികസനത്തിനുള്ള നടപടികൾ ആവിഷ്കരിക്കുകയാണ് ക്ലബ്ബുകളിലൂടെ ലക്ഷ്യമിടുന്നത്. മത്സ്യമേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും ഈ ക്ലബ്ബുകൾ ലക്ഷ്യമിടുന്നു.

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുവഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി)
1. തെരഞ്ഞെടുത്ത മത്സ്യകർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളുടെ വിതരണം നടത്തുന്നു.
2. കർഷകർക്ക് ട്രെയിനിംഗ് /സെമിനാർ എന്നിവ ഇവിടെവച്ച് നടത്തപ്പെടുന്നു.
3. വിളവെടുപ്പ് ഉപകരണങ്ങൾ /വല/പമ്പ് സെറ്റ് എന്നിവ ലഭ്യമാക്കുക.
4. ജലപരിശോധന കിറ്റ്, മത്സ്യരോഗ നിർണ്ണയ ഉപകരണങ്ങൾ മുതലായവ ലഭ്യമാക്കുന്നു.
5. പഠനയാത്രകൾ സംഘടിപ്പിക്കുന്നു.
6. ചെറുകിട കർഷകർക്ക് മത്സ്യമാർക്കറ്റുകൾ/ സംഭരണം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളും, അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരും ചേർന്ന് ഒരു സമിതി രൂപീകരിക്കുകയും ടി സമിതി ക്ലബ്ബുകളുടെ പ്രവർത്തനപുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു. യഥാ സമയം കമ്മിറ്റികൂടി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും ടി സമിതി പ്രയോജനപ്പെടുന്നു. |

സെക്ഷൻ ഓഫീസർ